പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2859 — 22.06.2012 ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രതിദിന കൂലി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രതിദിന കൂലി 200 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ട് അത് 164 ആക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നറിയാമോ ; | എ) | അറിയാം. ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പ്രതിദിന കൂലി, 01.04.2012 മുതൽ 164 രൂപയായിട്ടാണ് വർദ്ധിപ്പിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളത്. |
| ബി) | കൂലി 200 രൂപയായി നിശ്ചയിച്ചു കിട്ടാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ; | ബി) | തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി 200 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| സി) | സ്ത്രീ തൊഴിലാളികളുടെ ജോലി സമയം രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ എന്നത് മാറ്റി രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ എന്നാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉറപ്പ് നൽകിയിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവിറക്കാൻ എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ ? | സി) | പ്രവർത്തി സമയം കുറച്ചാലും ചെയ്യേണ്ട ജോലിയുടെ അളവ് കുറയ്ക്കില്ലെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. ഇതിന് അനുവാദം ലഭിച്ചാൽ ഉടൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ